## HADIA CSE Khutba Notes (29.12.2017)

## പുതുവത്സരം: ജീവിതം ആഘോഷമല്ല

ഒന്ന് രണ്ട് ദിവസങ്ങൾ കഴിഞ്ഞാൽ പുതിയ ഒരു വർഷം നമ്മിലേക്ക് സമാഗതമാവുകയാണ്. ഇതിനെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതാണ്ട് തുടങ്ങിക്കഴിഞ്ഞു. പുതുവത്സരാഘോഷം എന്ന പേരിലറിയപ്പെടുന്ന ഇപ്പരിപാടി ഇപ്പോൾ നമ്മുടെ നാടുകളിലുമുണ്ട്. ചെറുപ്പക്കാരും വിദ്യാർത്ഥികളുമാണ് ഇതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ.

സത്യത്തിൽ പുതുവത്സരം ആഘോഷിക്കുന്നവരുടെ ലക്ഷ്യം പുതിയ ഒരു വർഷത്തെ സ്വാഗതം ചെയ്യലൊന്നുമല്ല. മറിച്ച്, ജീവിതത്തെ ആഘോഷവും ഉത്സവവുമാക്കാനുള്ള ഒരു സന്ദർഭം ഉണ്ടാക്കിയെടുക്കൽ മാത്രമാണ്. ഇത്തരക്കാർ വേറെയും പല ആഘോഷവേളകൾ ഇടക്കിടെ ഉണ്ടാക്കിക്കൊണ്ടേയിരിക്കും. ഉദാഹരണത്തിന് ബർത്ത് ഡേ പാർട്ടികൾ, വിവാഹ വാർഷികങ്ങൾ, കൊളേജിലെ സെന്റോഫുകൾ, വിവാഹസുദിനങ്ങൾ. ഇവർക്ക് ഒരേയൊരു ഉദ്ധേശ്യമാണുള്ളത്; ജീവിതം പരമാവധി ആസ്വദിച്ച് തീർക്കുക. ഇവർ ധരിച്ച് വെച്ചിരിക്കുന്നത് മനുഷ്യൻമാരുടെ ചുരുങ്ങിയ ആയുസ്സ് ആസ്വദിച്ച് തീർക്കാനുള്ളതാണെന്നാണ്. എന്നാൽ എന്താണ് ആയുസ്സും ജീവിതവും എന്ന് ഖുർആൻ വളരെ മനോഹരമായി വർണിക്കുന്നത് കാണുക.

الَّذِي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا وَهُوَ الْعَزِيزُ الْغَفُورُ (الملك)

അപ്പോൾ ഭൗതിക ജീവിതം ഒരു പരീക്ഷയും പരീക്ഷണവുമാണ്. ജീവിതം മാത്രമല്ല, അതിൽ സംഭവിക്കുന്ന ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും (കുടുംബജീവിതം, ധനസമ്പാദനം, ആരോഗ്യം, വിജ്ഞാനം മുതലായവ ഉദാഹരണം) പരീക്ഷണമാണ്. അതുകൊണ്ട് വിദ്യാർത്ഥികൾ ഒരു പരീക്ഷാഹാളിൽ ഇരിക്കുന്ന ജാഗ്രതയോടെയും ശ്രദ്ധയോടെയും മാത്രമേ നാമോരോരുത്തരും ദുൻയാവിൽ ജീവിക്കാൻ പാടുള്ളൂ. ഇത് തിരിച്ചറിയാത്തവരാണ് ജീവിതം ആഘോഷിക്കാനുള്ളതാണെന്ന് പ്രഖ്യാപിച്ച് കൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അനുഗ്രഹങ്ങൾ മാത്രം ലഭിച്ച് കൊണ്ടിരിക്കുമ്പോൾ പ്രസ്തുത ആഘോഷം ഏറെ വർധിക്കുന്നു. ഇവരെപ്പറ്റി ഖുർആൻ പറയുന്നു.

وَلَئِنْ أَذَقْنَاهُ نَعْمَاءَ بَعْدَ ضَرَّاءَ مَسَّتْهُ لَيَقُولَنَّ ذَهَبَ السَّيِّئَاتُ عَنِّي إِنَّهُ لَفَرِحٌ فَخُورٌ (هود)

ഓരോ ആഘോഷത്തിന്റെ പിന്നിലും ചില സങ്കടങ്ങൾ ഒളിച്ചിരിക്കുന്നുണ്ടാവാം എന്നാണ് ഇവരോട് നമുക്ക് ഉണർത്താനുള്ളത്. സൂഫികൾ സാധാരണ പറയാറുണ്ട്; യഅ്ഖൂബ് (അ) ന് മകൻ യൂസുഫി(അ)നോട് പ്രത്യേക വാത്സല്യമായിരുന്നു. അതുകൊണ്ട് യൂസുഫി(അ)നെ കൊണ്ട് തന്നെ അല്ലാഹു അദ്ദേഹത്തെ പരീക്ഷിച്ചു.

عن عبد الله بن مسعود قال : لكل فرحة ترحا وما من بيت مليء فرحا إلا مليء ترحا. (التَرَحُ: ضِدّ الفرح. يقال: تَرَّحَهُ تَتْرِيحاً، أي حَزَنه) عن عبد الله بن مسعود قال : لكل فرحة ترحا وما من بيت مليء فرحا إلا مليء ترحا.

നമ്മുടെ മുൻഗാമികളിൽ ചിലർ രേഖപ്പെടുത്തിയ ഒരു കൊച്ചു സംഭവം ഓർക്കുന്നത് ഇപ്പോൾ ഏറെ ഉചിതമായിരിക്കും.

أعـرَس رجـلٌ مـن الحـي علـى ابنـه قـال فاتخـذوا لـذلك لهـوا قـال وكانـت منـازلهم إلى جانـب المقـابر فـوالله إنهـم لفـي لهْوِهم ذلك ليلا إذ سمعوا صوتا منكرا أفزعهم فاصغوا مطرقين فإذا هاتف يهتف من بين القبور:

يا أهل لذة دنيا لا تدوم لهم

إن المنايا تُبيد اللهوَ واللعبا

كم قد رأيناه مسرورا بلذته

أمسى فريدا من الأهلين مغتربا

قال : فوالله ما لبثوا بعد ذلك أياما حتى مات الفتى المزوج.

ഇത് വളരെ വ്യക്തമായി വരച്ചിടുന്നു ഖുർആൻ ഉദ്ധരിക്കുന്ന ഖാറൂനിന്റെ സംഭവം. ആളുകൾ അദ്ദേഹത്തെ ഉപദേശിച്ചിരുന്നത്രേ!

إِذْ قَالَ لَهُ قَوْمُهُ لَا تَفْرَحْ إِنَّ اللَّهَ لَا يُحِبُّ الْفَرِحِينَ (القصص)

ഇത് ചെവികൊള്ളാൻ കൂട്ടാക്കാതിരുന്ന അദ്ദേഹത്തിന്റെ അവസാനം എങ്ങനെയായിരുന്നെന്ന് നമുക്കറിയാം. ഇപ്രകാരം സുഖദുഃഖ സമ്മിശ്രമാണ് ജീവിതമെങ്കിൽ പിന്നെ ആഘോഷങ്ങൾക്ക് എന്തർത്ഥമാണുള്ളത്?! മുതനബ്ബി പറയുന്നു:

أشد الغم عندي في سرور

تيقَّن عنه صاحبه انتقالا

ആഘോഷിക്കുന്നതിന്റെ ഏറ്റവും പ്രാഥമികമായ ഒരു അടയാളമാണല്ലോ പൊട്ടിച്ചിരി. ചിരി അല്ലാഹു നൽകിയ മഹത്തായ ഒരു അനുഗ്രഹമാണെങ്കിൽ പോലും (നജ്മ് 43) പ്രവാചകൻ കൂടുതൽ ചിരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. സ്വഹാബത്ത് കൂടിയിരുന്ന് അധികം ചിരിക്കുന്നത് കണ്ടാൽ അവിടന്ന് പറയുമായിരുന്നു: നിങ്ങളുടെ സഭകളെ മരണസ്മരണ കൊണ്ട് നിങ്ങൾ കലർത്തുക.

عَـنْ أَبِي هُرَيْـرَةَ ، قَـالَ : قَـالَ رَسُـولُ اللهِ صَـلَّى اللهُ عَلَيْـهِ وسَـلَّمَ : لاَ تُكْثِـرُوا الضَّـحِكَ ، فَـإِنَّ كَثْـرَةَ الضَّـحِكِ تُمِيـتُ الْقَلْبَ (ابن ماجة)

قَـالَ: سُـلَيْمَانُ بْـنُ دَاوُدَ عَلَيْهِمَـا السَّـلَامُ لِابْنِـهِ: يَا بُـنَيَّ لَا تُكْثِـرِ الْغَيْـرَةَ عَلَـى أَهْلِـكِ، فَتَرْمِي بِالشَّـرِّ مِـنْ أجلـك، وَإِنْ كَانَـتْ بَرِيئَـةً وَلَا تُكْثِـرِ الضَّـحِكَ فَـإِنَّ كَثْـرَةَ الضَّـحِكِ تَسْـتَخِفُّ فُـؤَادَ الرَّجُـلِ الْحَكِـيمِ قَـالَ: وَعَلَيْـكَ بِخَشْـيَةِ اللهِ عَـزَّ وَجَـلَّ فَإِنَّهَـا غَايَـةٌ لِكُـلِّ شَـيْءٍ " (شـعب الايمـان) وقـال عمـر ﷺ مـن كثـر ضـحكه قلـت هيبتـه ومـن مـزح اسـتخف به.

وقـال رجـل لأخيـه يا أخـي هـل أتاك أنـك وارد النـار قـال نعـم قـال فهـل أتاك أنـك خـارج منهـا قـال لا ففـيم الضـحك قيـل فمـا رؤي ضـاحكا حـتى مـات وقـال يوسـف بـن أسـباط أقـام الحسـن ثلاثـين سـنة لم يضـحك وقيـل أقـام

عطاء السلمي أربعين سنة لم يضحك ونظر وهيب بن الورد إلى قوم يضحكون في عيد فطر فقال إن كان هؤلاء قد غفر لهم فما هذا فعل الشاكرين وإن كان لم يغفر لهم فما هذا فعل الخائفين وكان عبد الله بن أبي يعلى يقول أتضحك ولعل أكفانك قد خرجت من عند القصار وقال ابن عباس من أذنب ذنبا وهو يضحك دخل النار وهو يبكي. وقال مُحَمَّد بن واسع إذا رأيت في الجنة رجل يبكي ألست تعجب من بكائه قيل بلى قال فالذي يضحك في الدنيا ولا يدري إلى ماذا يصير هو أعجب منه (احياء)

عَنْ أَنَسٍ قَالَ صَلَّى بِنَا رَسُولُ اللَّهِ -ﷺ- ذَاتَ يَوْمٍ فَلَمَّا قَضَى الصَّلاَةَ أَقْبَلَ عَلَيْنَا بِوَجْهِهِ فَقَالَ « أَيُّهَا النَّاسُ إِنِّى إِمَامُكُمْ فَلاَ تَسْبِقُونِى بِالرُّكُوعِ وَلاَ بِالسُّجُودِ وَلاَ بِالْقِيَامِ وَلاَ بِالاِنْصِرَافِ فَإِنِّى أَرَاكُمْ أَمَامِى وَمِنْ خَلْفِى – ثُمَّ قَالَ – وَالَّذِى نَفْسُ مُحَمَّدٍ بِيَدِهِ لَوْ رَأَيْتُمْ مَا رَأَيْتُ لَضَحِكْتُمْ قَلِيلاً وَلَبَكَيْتُمْ كَثِيرًا ». قَالُوا وَمَا رَأَيْتَ يَا رَسُولَ اللَّهِ قَالَ « رَأَيْتُ الْجَنَّةَ وَالنَّارَ » (مسلم)

يوسف بن الحسين: سئل طاهر المقدسي أتضحك الملائكة ؟ فقال: ما ضحكوا ولا كل من دون العرش منذ خلقت جهنم.

അവിടന്ന് സ്വയം തന്നെ പൊട്ടിച്ചിരിക്കുമായിരുന്നില്ല. പുഞ്ചിരിയുടെ അപ്പുറം കടക്കുന്നത് അപൂർവമായിരുന്നു.

عن سماك قال قلت لجابر بن سمرة : أكنت تجالس رسول الله صلى الله عليه و سلم قال نعم فكان طويل الصمت قليل الضحك وكان أصحابه يذكرون عنده الشعر وأشياء من أمورهم فيضحكون وربما تبسم (احمد)

ഇതൊന്നും മനസ്സിലാക്കാതെ ഒരാൾ ജീവിതം ആഘോഷിക്കണം എന്ന് വാശിപിടിച്ചാൽ അല്ലാഹു അതിനോട് രണ്ടു വിധത്തിലാണ് പ്രതികരിക്കുക. ഒന്നിരിക്കൽ വല്ല പരീക്ഷണമോ പ്രയാസമോ ആൾക്ക് നൽകിക്കൊണ്ടിരിക്കും. സ്രഷ്ടാവ് നന്മ ഉദ്ദേശിച്ചവരിലാണ് ഇത് ഏറെയും ദൃശ്യമാവുക. ഇത്തരക്കാരെ ഭൗതിക ജീവിതത്തിൽ ലയിക്കാൻ അല്ലാഹു വിടുകയില്ല. ഓരോരോ പരീക്ഷണങ്ങൾ നൽകി അവൻ അവരെ തന്നെപ്പറ്റി ഓർമിപ്പിച്ച് കൊണ്ടിരിക്കും.

عَنْ مُصْعَبِ بْنِ سَعْدٍ ، عَنْ أَبِيهِ ، سَعْدِ بْنِ أَبِي وَقَّاصٍ ، قَالَ : قُلْتُ : يَا رَسُولَ اللهِ ، أَيُّ النَّاسِ أَشَدُّ بَلاَءً ؟ قَالَ : الأَنْبِيَاءُ ، ثُمَّ الأَمْثَلُ فَالأَمْثَلُ ، يُبْتَلَى الْعَبْدُ عَلَى حَسَبِ دِينِهِ ، فَإِنْ كَانَ فِي دِينِهِ صُلْبًا ، اشْتَدَّ بَلاَؤُهُ ، وَإِنْ كَانَ فِي دِينِهِ رِقَّةٌ ، ابْتُلِيَ عَلَى حَسَبِ دِينِهِ ، فَمَا يَبْرَحُ الْبَلاَءُ بِالْعَبْدِ ، حَتَّى يَتْرُكَهُ يَمْشِي عَلَى الأَرْضِ ، وَمَا عَلَيْهِ مِنْ خَطِيئَةٍ (ابن ماجة)

അല്ലെങ്കിൽ അല്ലാഹു ആഘോഷിച്ച് നടക്കുന്നവരെ അവരുടെ പാട്ടിന് വിടുകയും ആഖിറത്തിൽ വെച്ച് പിടികൂടുകയും ചെയ്യും. ഇതാണ് ഏറെ അപകടകരം. ഇസ്തിദ്റാജ് എന്നാണ് ഇത് അറിയപ്പെടുക. അല്ലാഹു തിരിച്ച് നമ്മെയും ചതിക്കുകയും പരിഹസിക്കുകയും ചെയ്യുമെന്ന് ഖുർആനിൽ പല സ്ഥലത്തുമുണ്ടല്ലോ (യൂനുസ് 21, നംല് 50). ഇത്

ഇസ്തിദ്‌റാജിനെപ്പറ്റിയാണെന്ന് ചില മുഫസ്സിറുകൾ അഭിപ്രായപ്പെടുന്നു. മീനുകളെ പിടിക്കാൻ ചൂണ്ട അയച്ച് കൊടുക്കുന്നതിനോട് ഇസ്തിദ്‌റാജിനെ ഉപമിക്കാം.

وَمَـنْ كَفَـرَ فَـلَا يَحْزُنْـكَ كُفْـرُهُ إِلَيْنَـا مَـرْجِعُهُمْ فَنُنَبِّـئُهُمْ بِمَـا عَمِلُـوا إِنَّ اللَّهَ عَلِـيمٌ بِـذَاتِ الصُّـدُورِ نُمَـتِّعُهُمْ قَلِـيلًا ثُمَّ نَضْطَرُّهُمْ إِلَى عَذَابٍ غَلِيظٍ (لقمان)

وَالَّـذِينَ كَـذَّبُوا بِآيَاتِنَـا سَنَسْـتَدْرِجُهُمْ مِـنْ حَيْـثُ لَا يَعْلَمُـونَ وَأُمْلِـي لَهُـمْ إِنَّ كَيْـدِي مَتِـينٌ (الاعـراف) قـال بعـض العلماء عن هذه الاية : كلما أحدثوا ذنبا أحدث لهم نعمة.

فَذَرْنِي وَمَنْ يُكَذِّبُ بِهَذَا الْحَدِيثِ سَنَسْتَدْرِجُهُمْ مِنْ حَيْثُ لَا يَعْلَمُونَ (القلم)

فَلَمَّـا نَسُـوا مـا ذُكِّـرُوا بِـهِ فَتَحْنـا عَلَـيْهِمْ أَبْـوابَ كُـلِّ شَـيْءٍ حَتَّـى إِذا فَرِحُـوا بِمـا أُوتُـوا أَخَـذْناهُمْ بَغْتَـةً فَـإِذا هُـمْ مُبْلِسُـونَ فَقُطِعَ دابِرُ الْقَوْمِ الَّذِينَ ظَلَمُوا وَالْحَمْدُ لِلَّهِ رَبِّ الْعالَمِينَ (الانعام)

اللَّهُ يَسْتَهْزِئُ بِهِمْ وَيَمُدُّهُمْ فِي طُغْيَانِهِمْ يَعْمَهُونَ (البقرة)

فَلا تُعْجِبْكَ أَمْوَالُهُمْ وَلا أَوْلادُهُمْ إِنَّمَا يُرِيدُ اللَّهُ لِيُعَذِّبَهُمْ بِهَا فِي الْحَيَاةِ الدُّنْيَا وَتَزْهَقَ أَنْفُسُهُمْ وَهُمْ كَافِرُونَ (التوبة)

ഇതിനെപ്പറ്റിയാണ് നബി(സ്വ) പറയുന്നത്.

قـال صـلعم : إذا رأيـتم الله عـز وجـل يعطـي العبـد مـا يحـب وهـو مقـيم علـى معاصـيه فإنمـا ذلـك منـه اسـتدراج (تفسير القرطبي)

ചിലപ്പോൾ വലിയ കറാമത്തുകൾ (അദ്ഭുത സംഭവങ്ങൾ) വരെ അല്ലാഹു ഇത്തരക്കാർക്ക് നൽകാം. ചില തെമ്മാടികളായ ആളുകൾ വലിയ്യാണെന്ന് അവകാശപ്പെട്ട് ചില അദ്ഭുതങ്ങൾ കാണിക്കുന്നത് ഇതിന്റെ ഭാഗമാണ്. ഫിർഔൻ, മുസൈലിമത്തുൽ കദ്ദാബ് തുടങ്ങിയവർ അദ്ഭുതങ്ങൾ കാണിച്ചിരുന്നു. അതുപോലെ ദജ്ജാലും അദ്ഭുതങ്ങൾ കാണിക്കുന്നതാണ്.

وقيل لذي النون: ما أقصى ما يخدع به العبد؟ قال: بالألطاف والكرامات.

ചുരുക്കത്തിൽ എന്തിന്റെ പേരിലാണെങ്കിലും, പുതുവത്സരമോ മറ്റോ ആവട്ടെ, അർമാദിച്ചും ആഘോഷിച്ചും നമ്മുടെ ആയുസ്സ് ഹനിക്കുന്നത് നാം കരുതിയിരിക്കുക. അല്ലാഹുവിന്റെ ഒരു വചനം നമ്മുടെ മനസ്സുകളെ പ്രകമ്പനം കൊള്ളിച്ചിരുന്നെങ്കിൽ!

أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ (المؤمنون)

## ഖുതുബ നോട്ട്സ്

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in,www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/